## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ക്ഷേമ-പെൻഷൻ പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5858 — 07.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എസ്.ശർമ്മ<br>,, കെ.വി.വിജയദാസ്<br>,, കെ.കുഞ്ഞിരാമൻ(ഉദുമ)<br>,, സി.കൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഏത് രീതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ എടുക്കുന്ന എല്ലാ കുടുംബങ്ങളേയും കർഷകതൊഴിലാളികൾ, ഭൂരഹിതർ, കരകൗശലതൊഴിലാളികൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ മുതലായ അസംഘടിത വിഭാഗങ്ങ ളുടെ സാമൂഹ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടി കേന്ദ്രസർക്കാർ നടപ്പിലാക്കിവരുന്ന ആം-ആദ്മി-ബീമായോജനയിൽ ഉൾപ്പെടുത്തി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപകട മരണം സംഭവിച്ചാലോ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാലോ 75,000/- രൂപയും സ്വാഭാവിക മരണത്തിനും ഭാഗികമായ അംഗവൈകല്യത്തിനും 37500/- രൂപയും ആശ്രിതർക്ക് ലഭിക്കുന്നതാണ്. കൂടാതെ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിനായി സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും |

| | | | |
|---|---|---|---|
| (ബി) | തൊഴിലുറപ്പ് തൊഴിലാളികൾക്കായി സമഗ്രമായ ഒരു ഇൻഷ്വറൻസ് ക്ഷേമ-പെൻഷൻ പദ്ധതി കേന്ദ്ര സഹായ ത്തോടെ നടപ്പാക്കാൻ നടപടി സ്വീകരി ക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന വിവിധ വിഭാഗങ്ങൾ എല്ലാം തന്നെ ആംആദ്മി ബീമായോജന പദ്ധതിയുടെ പരിധിയിൽ വരുന്നതിനാൽ ഈ പദ്ധതിയിൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ പൂർണ്ണമായും ഉൾക്കൊള്ളിച്ചു കൊണ്ട് കേന്ദ്രസർക്കാർ സഹായത്തോടെ സമഗ്രമായ ഇൻഷ്വറൻസ് പരിരക്ഷ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ